Ashif K S
Senior Runner Up 2
SDPYBHSS Palluruthy
Cochin

## ‘‘ഡിയജിറ്റൽ ഒെക്നോളജീ: അത് നീങ്ങളൂടെ ജീവീമ്മം മെച്ചപ്പെടുന്തൂന്നത് എങ്ങനെ? രാജ്യത്തിന്റെയും ജനങ്ങളുകെയും പൂരോഗതിക്കു വേണി ഡിജിറ്റൽ ടെക്ക്ംളജി ഇഞനെ ഉപയോഗിക്കഞെരെന്നംണ് നിങ്ങൾ വിചാരിക്കുന്നൽ?’’

### ഡിജിറ്റൽ ടെക്നോളജി

നമ്മുടെ സമൂഹത്തെ വളരെയധികം സ്വാധീനിച്ച പല മേഖലകളിലും ഡിജിറ്റൽ ടെക്നോളജിയുടെ സാന്നിധ്യം കാണാം. ടിവി, മൊബൈൽ, കമ്പ്യൂട്ടർ തുടങ്ങിയ നമ്മുടെ നിത്യോപയോഗ മാധ്യമങ്ങൾ ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറി. കാലതാമസം കൂടാതെ വാർത്തകൾ നമ്മുക്ക് ലഭിക്കാൻ സങ്കേതികവിദ്യ സഹായകമാകുന്നുണ്ട്. പണ്ട് നാം തപാൽ മാർഗ്ഗങ്ങളാണ് ആശയവിനിമയത്തിന് പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇന്നാസ്ഥാനം മൊബൈൽ ഫോണുകൾ കയ്യടക്കി. മനുഷ്യാദ്ധ്വാനത്തിന്റെ സ്ഥാനത്ത് ഇന്ന് കമ്പ്യൂട്ടറുകൾ ജോലി ചെയ്യുന്നു അല്ലെങ്കിൽ ജോലി ചെയ്യിക്കുന്നു. Facebook, Whats app തുടങ്ങിയ ന്യൂ ജനറേഷൻ സാങ്കേതിക വിദ്യകൾ ഒരു വശം ദോഷമാണെങ്കിലും അത് ജീവിതത്തെ മെച്ചപ്പെടുത്താൻ ചിലപ്പോഴൊക്കെ ഉപകരിക്കുന്നുണ്ട്. പണ്ടൊക്കെ നാം അറിയാത്ത കാര്യങ്ങൾ മുതിർന്നവരോട് ചോദിക്കുമ്പോൾ ഇന്ന് ഇന്റർനെറ്റ് മുഖേന എല്ലാ വിവരങ്ങളും ലഭ്യമാകുന്നു. ടിവി എന്ന ദൃശ്യമാധ്യമവും സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല. ലോകത്തിലെ നാനാ ഭാഗത്ത് നടക്കുന്ന വാർത്തകൾ വളരെ ചുരുങ്ങിയ സമയം കൊണ്ട് നമ്മുടെ കൺമുന്നിലെത്തിക്കാൻ കഴിയുന്നതിൽ ഈ ദൃശ്യമാധ്യമം പൂർണ്ണമായും വിജയിച്ചിരിക്കുന്നു.

ഇനി ഡിജിറ്റൽ ടെക്നോളജി രാജ്യത്തിലെയും ജനങ്ങളുടെയും പുരോഗതിയെ എങ്ങനെ ബാധിക്കുമെന്ന് നോക്കാം. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണങ്ങൾ ഭൂരിഭാഗവും യുവതലമുറയ്ക്കാണ്. വിദ്യാഭ്യാസം കരസ്ഥമാക്കിയ ചെറുപ്പക്കാർക്ക് ഇനിയെന്ത് ? എന്ന ചോദ്യം നൊമ്പരപ്പെടുത്തുന്നുണ്ടെങ്കിൽ ആശങ്കകളും സന്ദേഹങ്ങളും മാറ്റിവച്ച് വിജയവും ഉദ്യോഗവും നമ്മുടെ ജന്മാവകാശമാണെന്ന് മനസ്സിലാക്കി ഇച്ഛാശക്തിയോടെ മുന്നേറുന്ന മനസ്സാണ് സൃഷ്ടിക്കേണ്ടത്. അദ്ധ്വാനികൾക്ക് വിജയിക്കാവുന്ന ആസൂത്രിതമായി പ്രവർത്തിക്കുന്നവർക്ക് വളരാവുന്ന അർപ്പണബോധമുള്ള സ്ഥിരോത്സാഹികൾക്ക് ഉയരാവുന്ന സമൂഹമാണ് നമ്മുടേത്. കാരണം ഈ രീതിയിൽ പ്രയത്നിക്കാൻ മുന്നോട്ടുവരുന്നവർ തീരെ കുറവാണിവിടെ. മയക്കത്തിലും ആലസ്യത്തിലും അലംഭാവത്തിലും കുടുങ്ങി കിടക്കുന്നവരും ദിവാസ്വപ്നങ്ങളിലും പകൽ കിനാവുകളിലും ആശ്വാസം കണ്ടെത്തുന്നവരുമാണ് ഏറെയും. വിട്ടുവീഴ്ചകൾക്ക് തയ്യാറാകാതെ ഉണർന്നു പ്രവർത്തിക്കുന്നവർക്ക് കത്തിപടർന്ന് വളരാനുള്ള വളക്കൂറുള്ള മണ്ണാണ് നമ്മുടെ മണ്ണ്.

ഓരോരോ ചവിട്ടുപടികൾ പിന്നിട്ട് അടുത്ത ചവിട്ടുപടി തേടി പോകൂ. വിജയം യാഥാർത്ഥ്യമാകും വരെ. ഇത്തരം കഠിനാദ്ധ്വാനികൾക്ക് ഡിജിറ്റൽ ടെക്നോളജി വലിയ കൈത്താങ്ങും ആശ്വാസവുമാണ്. ഭാരതത്തിന്റെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം ഇത്തരം സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയ വ്യക്തിത്വമാണ്. മിസൈൽമാൻ എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. മറ്റു ശത്രു രാജ്യങ്ങളുടെ ആക്രമണങ്ങൾ പ്രതിരോധിക്കാൻ ഹാക്കിംഗ് പോലുള്ള നൂതന വിദ്യകളും നമ്മുടെ രാജ്യത്തിന്റെ സുരക്ഷക്ക് അനിവാര്യമാണ്.

ഈ കാര്യങ്ങളെല്ലാം വ്യക്തമാക്കുന്നതും വിരൽ ചൂണ്ടുന്നതും ഒന്നിലേക്കാണ്. ഡിജിറ്റൽ ടെക്നോളജി വേണ്ടവിധം ഉപയോഗപ്പെടുത്തിയാൽ അതു നമ്മുടെ മാത്രമല്ല നമ്മുടെ കുടുംബത്തിന്റെയും രാജ്യത്തിന്റെയും സുരക്ഷിതത്വവും പുരോഗതിയും വർദ്ധിക്കുക തന്നെ ചെയ്യും.


Malayalam